
# തെളിച്ചം



- അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ജി.എൽ.പി.എസ്. തൊണ്ടിമ്മൽ-മുക്കം

# ഉള്ളടക്കം



| നമ്പർ | താളുകളിൽ | പേജ് |
|---|---|---|
| 1 | കാഴ്ചപ്പാട് | 1 |
| 2 | വിദ്യാലയ മുദ്ര | 2 |
| 3 | വിദ്യാലയം ഒറ്റ നോട്ടത്തിൽ | 3 |
| 4 | ആമുഖം | 4 |
| 5 | വിദ്യാലയ ചരിത്രം | 5 |
| 6 | വിദ്യാലയത്തിന്റെ കരുത്ത്, പരിമിതി | 7 |
| 7 | സ്റ്റാഫ് | 8 |
| 8 | ചുമതലാ വിഭജനം | 10 |
| 9 | പിന്തുണ സംവിധാനം | 12 |
| 10 | പൊതു ലക്ഷ്യങ്ങൾ | 13 |
| 11 | അക്കാദമിക പദ്ധതികൾ | 17 |
| 12 | മലയാളം | 18 |
| 13 | ഗണിതം | 23 |
| 14 | ഇംഗ്ലീഷ് | 28 |
| 15 | ശാസ്ത്രം | 33 |
| 16 | പരിസ്ഥിതി പഠനം | 36 |
| 17 | കലാ പഠനം | 37 |
| 18 | പ്രവൃത്തി പരിചയം | 38 |
| 19 | കായികം/ ആരോഗ്യം | 39 |
| 20 | ടാലന്റ് ലാബ് | 40 |
| 21 | സ്റ്റുഡൻസ് സ്റ്റാറ്റിസ്റ്റിക്സ് | 41 |
| 22 | ഉപസംഹാരം | 42 |

# കാഴ്ചപ്പാട്

## മണ്ണിലുറച്ച് മാനത്തേക്ക്;
## മാതൃ ഭാഷയിലൂന്നി
## ലോക ഭാഷയിലേക്ക്

ജി.എൽ.പി. സ്കൂൾ. തൊണ്ടിമ്മൽ. മുക്കം

മണ്ണിലുറച്ച് മാനത്തേക്ക്

GLP SCHOOL THONDIMMAL
MUKKAM PO
Estd 1957

# ജി എൽ പി എസ് തൊണ്ടിമ്മൽ

| | |
|---|---|
| പോസ്റ്റ് | മുക്കം |
| ഉപജില്ല | മുക്കം |
| ബി ആർ സി | കുന്ദമംഗലം |
| സി ആർ സി | തൊണ്ടിമ്മൽ |
| വില്ലേജ് | തിരുവമ്പാടി |
| പഞ്ചായത്ത് | തിരുവമ്പാടി |
| വാർഡ് | 11 |
| ബ്ലോക്ക് | കൊടുവള്ളി |
| ജില്ല | കോഴിക്കോട് |
| ഫോൺ | 0495 229 7655 |

## ആമുഖം

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ തെക്കു പടിഞ്ഞാറ് ഇരുവഞ്ഞിപ്പുഴയുടെ തീരത്താണ് ജി.എൽ.പി.എസ്. തൊണ്ടിമ്മൽ സ്ഥിതി ചെയ്യുന്നത്. തിരുവമ്പാടി പഞ്ചായത്തിലെ രണ്ടേ രണ്ട് സർക്കാർ വിദ്യാലയങ്ങളിൽ ഒന്നായ തൊണ്ടിമ്മൽ സ്കൂൾ മുക്കം ഉപജില്ലയിലാണ്.

ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലായി 56 വിദ്യാർത്ഥികൾ ഇപ്പോൾ വിദ്യാലയത്തിൽ പഠിക്കുന്നു. നാല് അധ്യാപകരും ഒരു പി.ടി.സി.എം ഉം ഒരു പാചകക്കാരയും വിദ്യാലയത്തിൽ പ്രവർത്തിച്ചു വരുന്നു.

വിദ്യാർത്ഥികൾ എണ്ണത്തിൽ കുറവെങ്കിലും ഉപജില്ലയിലെ മികച്ച സ്കൂളുകളിൽ ഒന്നാണ് ജി.എൽ.പി.എസ് തൊണ്ടിമ്മൽ. എൽ.എസ്.എസ് സ്കോളർഷിപ്പിന് ഉപജില്ലാതലത്തിൽ കഴിഞ്ഞ വർഷം രണ്ടാം സ്ഥാനവും അതിനുമുമ്പ് 3 വർഷങ്ങളിൽ ഒന്നാം സ്ഥാനവും ഈ വിദ്യാലയത്തിന് ആയിരുന്നു. സബ്ജില്ലാതല സാമൂഹ്യശാസ്ത്ര മേളയിൽ സെക്കൻ്റ് റണ്ണർ അപ്പ് ഈ വിദ്യാലയം നേടി

## ചരിത്രം:

ഈ വിദ്യാലയം സ്ഥിതി ചെയ്യുന്ന തൊണ്ടിമ്മൽ പ്രദേശം 1950കളിൽ ഏതാണ്ട് ഒറ്റപ്പെട്ട നിലയിൽ ആയിരുന്നു. ഒരു വശത്ത് റബ്ബർ എസ്റ്റേറ്റും മറുവശത്ത് ഇരുവഞ്ഞിപ്പുഴയും.

1957 ൽ പുൽപ്പറമ്പിൽ രാമൻകുട്ടി എന്നവരുടെ വീട്ടുവരാന്തയിലായിരുന്നു വിദ്യാലയത്തിന്റെ തുടക്കം. ഏകാധ്യാപക വിദ്യാലയമാണ് ആദ്യം അനുഭവിക്കപ്പെട്ടത്. ശ്രീ വിശ്വംഭരൻ ആയിരുന്നു ആദ്യത്തെ അധ്യാപകൻ. കൊടിയങ്ങൽ ചന്തുക്കുട്ടി ആദ്യ വിദ്യാർത്ഥിയും.

ഒരു വർഷത്തിനു ശേഷം വിശ്വംഭരൻ മാസ്റ്റർ സ്ഥലം മാറിപ്പോവുകയും ശ്രീ മാധവൻ മാസ്റ്റർ ഈ വിദ്യാലയത്തിൽ ഏകാധ്യാപകനായി നിയമിക്കപ്പെടുകയും ചെയ്തു. ഒന്ന്. രണ്ട്, മൂന്ന് ക്ലാസ്സുകൾ അദ്ദേഹം തന്നെയായിരുന്നു കൈകാര്യം ചെയ്തിരുന്നത്.

വിദ്യാലയം വീട്ടുവരാന്തയിൽ ഒതുങ്ങാതെ വന്നപ്പോൾ നാട്ടുകാരുടെ ശ്രമഫലമായി പ്രദേശത്തെ ഭൂവുടമയായ ചെറുപ്ര അറുമുഖൻ എന്നയാൾ 50 സെന്റ് സ്ഥലം സ്കൂൾ നടത്തിപ്പിന് സൗജന്യമായി വിട്ടു കൊടുത്തു. മുളക്കമ്പുകളും ഓലയും ഉപയോഗിച്ച് ഒരു ഷെഡ് നിർമ്മിച്ച് വിദ്യാലയം അതിലേക്ക് മാറ്റി.

പിന്നീട് 1960ൽ ശ്രീ ചെറുപ്ര അറുമുഖന്റെ മരുമകൻ ശ്രീ അരീപ്പുഴ മാനു നാട്ടുകാരുടെ സഹകരണത്തോടെ ഒരു സ്ഥിരം കെട്ടിടം നിർമ്മിച്ചു നൽകി. ഈ കെട്ടിടത്തിന് സർക്കാർ ഇന്നും വാടക നൽകി വരുന്നു. ശ്രീ അരീപ്പുഴ മാനുവിന്റെ മക്കൾ ആണ് ഇപ്പോൾ സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും അവകാശികൾ.

നാട്ടുകാരുടെയും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെയും സഹകരണത്തിൽ 1980ൽ വിദ്യാലയത്തിന് 14 സെന്റ് സ്ഥലം സ്വന്തമാക്കാൻ കഴിഞ്ഞു. 1997ൽ ഈ സ്ഥലത്ത് ഗ്രാമപഞ്ചയത്ത് ഫണ്ടിങ്ങിൽ 2 മുറി ക്ലാസ്സ് റൂമും ജില്ലാ പഞ്ചായത്തിൽ ഫണ്ടിൽ ഓഫീസ് റൂമും കമ്പ്യൂട്ടർ ലാബും എസ്.എസ്.എ ഫണ്ടിൽ മുകളിൽ രണ്ട് ക്ലാസ്സ് മുറികളും സി.ആർ.സി ഹാളും നിർമ്മിക്കുവാൻ സഹായിച്ചു.

ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികൾ ഡോക്ടർമാർ, എഞ്ചിനീയർമാർ, ഐ. പി. എസ് ഉദ്യോഗസ്ഥർ, വക്കീലന്മാർ, രാഷ്ട്രീയ പ്രവർത്തകർ, പട്ടാളക്കാർ, പോലീസുകാർ, അധ്യാപകർ എന്നിങ്ങനെ വിവിധ ഔദ്യോഗിക പദവികൾ അലങ്കരിക്കുന്നു എന്ന് അഭിമാനപൂർവ്വം പ്രസ്താവിക്കട്ടെ.